# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5752

## 19.11.2019 ൽ മറുപടി നൽകേണ്ടത്

### വിധവാ പെൻഷൻ ഉത്തരവിന്റെ പുനഃപരിശോധന

**ചോദ്യം**

ശ്രീ. പി.ഉബൈദുള്ള
ശ്രീ. കെ.എം.ഷാജി
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. സി.മമ്മൂട്ടി

**മറുപടി**

ഡോ. ടി. എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | നിയമപരമായി വിവാഹ ബന്ധം വേർപെടുത്തിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് നല്കി വരുന്ന വിധവാ പെൻഷൻ നിർത്തലാക്കണമെന്നും നിർദേശിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | വിധവാ പെൻഷൻ അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 25.04.2019 ലെ 35/19/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് വിധവാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് പുനഃ പരിശോധിക്കുവാനും അവരുടെ ജീവിത സാഹചര്യം കണക്കിലെടുത്ത് വിധവാ പെൻഷൻ പുനഃസ്ഥാപിക്കുവാനും സത്വര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ